ധനകാര്യ വകുപ്പിന്റെ അനുമതി ഇല്ലാതെ സൃഷ്ടിച്ച പുതിയ തസ്തികകൾ

94 (1961) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് ധനകാര്യ വകുപ്പിന്റെ അനുമതി ഇല്ലാതെ സൃഷ്ടിച്ച പുതിയ തസ്തികകൾ എത്രയാണ് ; വകുപ്പ് തിരിച്ച് വിശദമാക്കുമോ ;

(ബി) ധനകാര്യ വകുപ്പ് അനുവദിച്ചാൽ മാത്രം പുതിയ തസ്തികകൾ സൃഷ്ടിച്ചാൽ മതി എന്ന് മന്ത്രിസഭാ യോഗം തീരുമാനം എടുത്തിട്ടുണ്ടോ ; എങ്കിൽ എന്ന് ; അതിനുശേഷം ധനകാര്യ വകുപ്പിന്റെ അനുമതി ഇല്ലാതെ സൃഷ്ടിച്ച തസ്തികകൾ എത്ര ; അനുമതിയോടു കൂടി സൃഷ്ടിച്ച തസ്തികകൾ എത്ര ; അവ ഏതൊക്കെ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) സംസ്ഥാനത്തെ നിലവിലുള്ള സാമ്പത്തിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭിക്കാത്ത പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കാൻ പാടുള്ളതല്ലായെന്ന് 11-6-2014-ലെ മന്ത്രിസഭാ യോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. മറ്റു വിവരങ്ങൾ ശേഖരിച്ചു വരുന്നു.

2014 ഡിസംബർ 31-ന് കാലാവധി അവസാനിക്കുന്ന റാങ്ക് ലിസ്റ്റുകൾ

95 (1962) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014 ഡിസംബർ 31-ന കാലാവധി അവസാനിക്കുന്ന എത്ര റാങ്ക് ലിസ്റ്റുകൾ ഉണ്ടെന്നും അവ ഏതെല്ലാമെന്നും അറിയിക്കുമോ ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റുകളിൽ ഓരോന്നിൽനിന്നും എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(സി) ഓരോ തസ്തികയിലും എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തു എന്നും കാലാവധി തീരുംമുമ്പ് പ്രസ്തുത ഒഴിവുകളിലേക്ക് നിയമനം നടത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly